# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

## മംഗല്യ സമുന്നതി 2023-24

### *നിബന്ധനകളും, മാർഗ്ഗനിർദേശങ്ങളും*

കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന **മംഗല്യ സമുന്നതി** പദ്ധതിയുടെ മാനദണ്ഡങ്ങൾ.

- അപേക്ഷകർ **മുൻഗണന** AAY **(മഞ്ഞ കാർഡ്), മുൻഗണന (പിങ്ക് കാർഡ്)** വിഭാഗങ്ങളിലെ റേഷൻകാർഡ് ഉടമകളായിരിക്കണം.
- വിവാഹിതയായ പെൺകുട്ടിയുടെ അച്ഛൻ/ അമ്മ ആയിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
- മാതാപിതാക്കൾ മരണപ്പെട്ട/ ഉപേക്ഷിച്ച പെൺകുട്ടികൾക്ക് സ്വന്തം പേരിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- പെൺകുട്ടി സംസ്ഥാനത്തെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്ന വ്യക്തിയായിരിക്കണം. (വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് എന്നിവ രേഖകളായി സ്വീകരിക്കുന്നതാണ്.)
- മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികളുടെ വിവാഹത്തിനാണ് ധനസഹായം നൽകുന്നത്.
- അപേക്ഷകരുടെ **കുടുംബ വാർഷിക വരുമാനം** എല്ലാ മാർഗ്ഗങ്ങളിൽ നിന്നും **ഒരുലക്ഷം (1,00,000/-)** രൂപ കവിയാൻ പാടുള്ളതല്ല.
- വിവാഹിതയായ പെൺകുട്ടിയുടെ പ്രായം വിവാഹ തീയതിയിൽ **18 വയസ്സോ അതിന് മുകളിലോ** ആയിരിക്കണം.
- **2023 ജനുവരി 1** നും **2023 ഡിസംബർ 31** നും ഇടയിൽ (2 തീയതികളും ഉൾപ്പെടെ) വിവാഹിതരായിട്ടുള്ളവർക്കാണ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത.
- അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. ***അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടുന്ന രേഖകൾ ഉൾപ്പെടുത്താത്തതും അപൂർണ്ണമായിട്ടുള്ളതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും***.
- **ഒരു ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്**. സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. ധനസഹായം അപേക്ഷകന്റെ/ അപേക്ഷകയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതാണ്.
- അപേക്ഷകൾ വിജ്ഞാപന തീയതി മുതൽ നിശ്ചിത ദിവസത്തിനുള്ളിൽ കോർപ്പറേഷനിൽ ലഭ്യമായിരിക്കണം. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

- ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും ഏറ്റവും കുറഞ്ഞ വരുമാനമുള്ളവരിൽ യോഗ്യത കൈവരിക്കുന്നവർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടിന് ആനുപാതികമായി ധനസഹായം അനുവദിക്കുന്നതാണ്. ഒരേ വരുമാനപരിധിയിൽ ഉള്ളവരെ പരിഗണിക്കുമ്പോൾ

    I. ഭിന്നശേഷിക്കാർ
    II. മാതാപിതാക്കൾ നഷ്ടപ്പെട്ടവർ
    III. വിവാഹിതയായ പെൺകുട്ടിയുടെ പ്രായം

എന്നീ മാനദണ്ഡങ്ങൾക്ക് മുൻതൂക്കം നൽകിയായിരിക്കും ആനുകൂല്യം അനുവദിക്കുന്നത്.

**<u>അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.</u>**

1. വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
2. **അപേക്ഷകന്റെ/ അപേക്ഷകയുടെ പേരിൽ ഒരു വർഷത്തിനുള്ളിൽ എടുത്ത വരുമാന സർട്ടിഫിക്കറ്റ് (**വില്ലേജ് ഓഫീസർ നൽകുന്നത്).
3. **പെൺകുട്ടിയുടെ ജാതി** തെളിയിക്കുന്ന രേഖ (വില്ലേജ്ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ **ജാതി രേഖപ്പെടുത്തിയ** പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
4. റേഷൻ കാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
5. അപേക്ഷക/ അപേക്ഷകന്റെയും പെൺകുട്ടിയുടേയും ആധാറിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
6. **പെൺകുട്ടിയുടെ** പ്രായം തെളിയിക്കുന്ന രേഖ (SSLC Certificate/ Birth Certificate) (സ്വയം സാക്ഷ്യപ്പെടുത്തിയത്)
7. വിവാഹ ക്ഷണക്കത്ത് (ഒറിജിനൽ).
8. അപേക്ഷകന്റെ/ അപേക്ഷകയുടെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്.
9. മാതാപിതാക്കൾ മരണപ്പെട്ടുപോയ പെൺകുട്ടിയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ മാതാപിതാക്കളുടെ മരണ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
10. മാതാപിതാക്കൾ ഉപേക്ഷിച്ചുപോയ പെൺകുട്ടിയാണ് അപേക്ഷകയെങ്കിൽ ആ വിവരം വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കണം.

**<u>മറ്റു നിർദ്ദേശങ്ങൾ</u>**

- ഒരു പെൺകുട്ടിക്ക് ഒരിക്കൽ മാത്രമേ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുകയുള്ളൂ.
- മംഗല്യ സമുന്നതി പദ്ധതിയുടെ കീഴിൽ, ഒരു കുടുംബത്തിൽ നിന്നും എല്ലാ സാമ്പത്തിക വർഷങ്ങളിലുമായി, ആകെ 2 പെൺകുട്ടികൾക്ക് മാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ. എന്നാൽ, ഒരു സാമ്പത്തിക വർഷം ഒരു കുടുംബത്തിലെ ഒരു കുട്ടിയുടെ പേരിൽ മാത്രമേ അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.
- ധനസഹായം ലഭിക്കുന്നതിന്, അപേക്ഷകയ്ക്ക്/ അപേക്ഷകന് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖയിൽ **<u>പ്രവർത്തന ക്ഷമമായ അക്കൗണ്ട്</u>** നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
- **തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റുന്ന പക്ഷം അനുവദിച്ച തുക സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കൂട്ടുപലിശയും ചേർത്ത് തിരിച്ചടയ്ക്കേണ്ടതും, പ്രസ്തുത പദ്ധതിയിലേക്ക് തുടർന്ന് അപേക്ഷിക്കാൻ അർഹതയില്ലാത്തതുമാണ്.**
- ഭരണ സൗകര്യാർത്ഥം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും. ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമായിരിക്കും.
- അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി **<u>17/01/2024 ബുധനാഴ്ച @5 PM</u>**
- അപേക്ഷകൾ തപാൽ മുഖേനയോ നേരിട്ടോ അവസാന തീയതിയ്ക്ക് മുമ്പ് കോർപ്പറേഷനിൽ ലഭ്യമാക്കേണ്ടതാണ്.

.

XXXXXXXXXXXXXXXXXXXXXX

സമുന്നതി

# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

## മംഗല്യ സമുന്നതി 2023-24

**അപേക്ഷാ ഫോം**

(നിബന്ധനകൾ പൂർണ്ണമായും വായിച്ച ശേഷം മാത്രം അപേക്ഷ പൂരിപ്പിക്കുക)

**റേഷൻകാർഡ് ഇനം:**

**മുൻഗണന AAY (മഞ്ഞ കാർഡ്)** ☐ **മുൻഗണന (പിങ്ക് കാർഡ്)** ☐

## I. അപേക്ഷകയുടെ/അപേക്ഷകന്റെ വിവരങ്ങൾ:

1. പേര് (മലയാളത്തിൽ) : ............................................
2. പേര് (ഇംഗ്ലീഷിൽ) : ............................................
3. പൂർണ്ണമായ മേൽവിലാസം : ............................................

(ജില്ല, പിൻകോഡ് സഹിതം) ............................................

............................................

4. ആധാർ നമ്പർ : ....................... 5.ഫോൺ നമ്പർ :.........................

6. വാർഷിക വരുമാനം : ............... 7. തൊഴിൽ :.................................

8. ബാങ്ക് അക്കൗണ്ട് നമ്പർ :.............................. IFSC : .....................

## II. വിവാഹിതയായ പെൺകുട്ടിയുടെ വിവരങ്ങൾ:

1. പേര് : .................................... 2. ജനന തീയതി :.......................

3. വയസ്സ് :........ 4. മതം : ....................... 5. ജാതി :..........................

6. ആധാർ നമ്പർ : ......................... 7. അപേക്ഷകനുമായുള്ള ബന്ധം.............

8. ആദ്യ വിവാഹമാണോ? ................. 9. വിവാഹ തീയതി :......................

## സത്യപ്രസ്താവന

**മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സത്യമാണെന്നും തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റി എന്ന് തെളിയുന്ന പക്ഷം റവന്യൂ റിക്കവറി നടപടി പ്രകാരം അനുവദിച്ച ഗ്രാന്റ് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ പലിശയുൾപ്പെടെ തിരിച്ചു പിടിക്കുന്നതിൽ എനിക്ക് വിരോധമില്ലായെന്നും ഇതിനാൽ സത്യപ്രതിജ്ഞ ചെയ്യുന്നു.**

സ്ഥലം: അപേക്ഷകയുടെ / അപേക്ഷകന്റെ ഒപ്പ് :

തീയതി: വിവാഹിതയായ പെൺകുട്ടിയുടെ ഒപ്പ് :

***<u>അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്</u>***

1. വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
2. **അപേക്ഷകന്റെ/ അപേക്ഷകയുടെ പേരിൽ ഒരു വർഷത്തിനുള്ളിൽ എടുത്ത വരുമാന സർട്ടിഫിക്കറ്റ് (**വില്ലേജ് ഓഫീസർ നൽകുന്നത്).
3. **പെൺകുട്ടിയുടെ ജാതി** തെളിയിക്കുന്ന രേഖ. **[**വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് /SSLC സർട്ടിഫിക്കറ്റിലെ **ജാതി രേഖപ്പെടുത്തിയ** പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്**.** മറ്റ് രേഖകൾ സ്വീകാര്യമല്ല **]**
4. റേഷൻ കാർഡിന്റെ 1,2 പേജുകളുടെ പകർപ്പ് . (സ്വയം സാക്ഷ്യപ്പെടുത്തിയത്)
5. അപേക്ഷകന്റെയും പെൺകുട്ടിയുടെയും ആധാർ കാർഡിന്റെ പകർപ്പ്. (സ്വയം സാക്ഷ്യപ്പെടുത്തിയത്).
6. **പെൺകുട്ടിയുടെ** പ്രായം തെളിയിക്കുന്ന രേഖ (SSLC/ Birth Certificate) (സ്വയം സാക്ഷ്യപ്പെടുത്തിയത്)
7. വിവാഹ ക്ഷണക്കത്ത് (ഒറിജിനൽ).
8. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് **<u>(ബാങ്ക് അക്കൗണ്ട് പ്രവർത്തന ക്ഷമമാണെന്ന് നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്</u>**).
9. മാതാപിതാക്കൾ മരണപ്പെട്ടുപോയ പെൺകുട്ടി/ രക്ഷകർത്താവ് ആണ് അപേക്ഷകൻ/ അപേക്ഷക എങ്കിൽ മാതാപിതാക്കളുടെ മരണ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
10. മാതാപിതാക്കൾ ഉപേക്ഷിച്ചുപോയ പെൺകുട്ടി/രക്ഷകർത്താവ് ആണ് അപേക്ഷകൻ / അപേക്ഷക എങ്കിൽ ആ വിവരം വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കണം.
11. **വിവാഹിതയായ പെൺകുട്ടിയുടെ ഭർത്താവിന് അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.**

NB: 1. അപൂർണ്ണമായതോ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതോ ആയ അപേക്ഷകൾ അറിയിപ്പുകൂടാതെ നിരസിക്കുന്നതാണ്.

2. അപേക്ഷ സമർപ്പിക്കുന്ന കവറിന് മുകളിൽ **<u>"മംഗല്യ സമുന്നതി (2023-24) പദ്ധതിയിലേയ്ക്കുള്ള അപേക്ഷ"</u>** എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

**<u>അപേക്ഷകൾ അയയ്ക്കേണ്ട വിലാസം</u>**

മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന മുന്നാക്ക
സമുദായ ക്ഷേമ കോർപ്പറേഷൻ,
L2, കുലീന, TC.23/2772,ജവഹർ നഗർ,
കവടിയാർ.പി.ഒ, തിരുവനന്തപുരം- 695003.